**പഴയകാല കവിതകൾ 2004**

# മോഷണം

**സുധീർ പണിക്കവീട്ടിൽ**

(പ്രസിദ്ധീകരണങ്ങൾ രചനകളെ തിരസ്കരിക്കുന്നതിൽ എഴുത്തുക്കാർക്ക് വിഷമമുണ്ടാകില്ല.എന്നാൽ രചനയിലെ ആശയം എടുത്ത് അത് ആരെയെങ്കിലും കൊണ്ടെഴുതിച്ച്, മുമ്പയച്ച ആളുടെ രചന കണ്ടില്ലെന്ന് നടിക്കുമ്പോൾ എഴുത്തുകാർക്ക് വിഷമമാണു. അങ്ങനെ ഒരനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയത്)

ആരാണിവനെന്ന് ചോദിച്ചവനുടെ
കവിതയും നോക്കിയിരുന്നു പത്രാധിപർ
പുരികമുയർത്തിയും പുഞ്ചിരിച്ചും -ചുറ്റും
നിന്നവർ മെല്ലേ മൊഴിഞ്ഞ്പോയിങ്ങനെ
കവിയാണിവന്റെ കവിതകളും കൊള്ളാം
വെട്ടത്ത് മാത്രം പുറത്ത് വരില്ലിവൻ
തന്നേയുമല്ലിവൻ വേറെ സഭയിലാണിന്നേ
വരെ വരിസംഖ്യയും തന്നില്ല

സ്വന്തം സഭയും വരിസംഖ്യയും സമം
ക്രുതികൾക്ക് മേന്മയെന്നവരൊക്കെ ചൊല്ലവേ
ഒന്ന് മൂളിക്കൊണ്ട് പത്രാധിപർ -കവി
കുത്തി കുറിച്ചത് വായിച്ചു തൽക്ഷണം
എന്തു പറയുന്നു കൂട്ടരേ നിങ്ങളീ
കവിതയെ കൊള്ളുന്നോ, തള്ളുന്നോ ചൊല്ലുക
സത്യം പറയുകിൽ, കവിതയോ ഉത്തമം
മൂന്നാലു പേരറിയാതെ പറഞ്ഞ്പോയി
എങ്കിലും അന്യനാണിവന്റെ രചനകൾ
എന്തിനു വേണ്ടി നാം അച്ചടിച്ചീടുന്നു.

നമ്മളിന്നേവരെ ചിന്തിച്ചിടാത്തൊരു
ആശയം കവിതയിൽ കാണുന്നതത്ഭുതം
പ്രണയ ദിനത്തിന്റെ സൗന്ദര്യഭാവങ്ങളി
കവിയെത്രയോ ഭംഗിയിൽ പാടുന്നു
ആശയം ഉൾകൊണ്ടെഴുതുക നിങ്ങളൊരു
പംക്തി, ഇനിയത്തെ ലക്കം തിളങ്ങട്ടെ
വായനക്കാർക്കത് ഹ്രുദ്യമായാലവർ
വായിച്ചിടും പിന്നെ വരിസംഖ്യയും തരും
കവിയെ അവഗണിച്ചീടുക നമ്മളീ
കവിത കണ്ടില്ലെന്നു തന്നെ നടിക്കുക

ചപ്പും ചവറും കിടക്കുന്ന കുപ്പയിൽ
പൂഴ്ത്തികളയാം നമുക്കാ കവിതയെ
ആരറിയുന്നു നാം കാട്ടുന്ന വഞ്ചന
പത്രലോകത്തിത് പുത്തരിയല്ലല്ലോ!!

ശുഭം